# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.01.2026**

### പ്രധാനവാർത്തകൾ

1) ദാരിദ്ര്യ നിർമ്മാർജ്ജനത്തിലെ കേരളത്തിൻറെ മുന്നേറ്റത്തിൽ കുടുംബശ്രീയുടെ ഇടപെടലുകൾക്ക് സവിശേഷമായ സ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 13-മത് ദേശീയ സരസ് മേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പാലക്കാട് നിർവഹിച്ചു.

2) തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ ഹിയറിങ് നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. നിയമസഭ തിരഞ്ഞെടുപ്പിനുള്ള ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന നാളെ മുതൽ.

3) ബാലസുരക്ഷിത കേരളം നടപ്പാക്കാനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ്ജ്. വർണ്ണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന് തിരുവനന്തപുരത്ത് തുടക്കമായി.

4) ശബരിമല സന്നിധാനത്തെ തീർത്ഥാടകർക്ക് താമസിക്കാനുള്ള മുറികളുടെ ബുക്കിങ് പൂർണ്ണമായും ഓൺലൈൻ ആക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ.

RNU TVPM

5) തുഞ്ചൻ ഉത്സവത്തിന് തിരൂർ തുഞ്ചൻപറമ്പിൽ തിരിതെളിഞ്ഞു.

6) അണ്ടർ 15 വനിതാ ഏകദിന ടൂർണ്ണമെൻറിൽ കേരളത്തിന് വിജയത്തുടക്കം

*******************

## സരസ് മേള (ഇൻട്രോ)

കുടുംബശ്രീ മിഷനും, കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് പാലക്കാട് ചാലിശ്ശേരിയിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തെ സാംസ്കാരിക വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്നതാണ് സരസ് മേളയെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. ഈ മാസം 11 വരെ നീളുന്ന മേളയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250-ലേറെ സ്റ്റാളുകളാണ് അണിനിരക്കുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....
(ഹോൾഡ്)

RNUTVPM

*******************

## തീവ്ര വോട്ടർപട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹിയറിങ് നോട്ടീസ് നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഒരു ലക്ഷത്തി
21,557 അപേക്ഷകളാണ് കരടു വോട്ടർ പട്ടിക പുറപ്പെടുവിപ്പിച്ച ശേഷം ലഭിച്ചത്. പതിനെട്ടു വയസു പൂർത്തിയാക്കിയവരെ ആദ്യമായി വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, ഒരു മണ്ഡലത്തിൽ നിന്നു മറ്റൊരു മണ്ഡലത്തിലേക്കു പേരു മാറ്റുന്നതിനും ഉള്ള ഫോം ആറിൽ 96,785 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രവാസി വോട്ടർമാർക്ക് പേരു ചേർക്കാനായുള്ള ഫോം ആറ് എയിൽ 24,772 അപേക്ഷകളും

ലഭിച്ചു. വോട്ടർ പട്ടികയിൽ നിന്നു പേരു നീക്കം ചെയ്യാനായി 444 അപേക്ഷകളാണ് ഇതുവരെ ലഭിച്ചത്. കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാവുന്നതാണ്.

********************

## <u>നിയമസഭാ പൊതുതെരഞ്ഞെടുപ്പ്</u>

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന വിവിധ ജില്ലകളിലെ കളക്ടറേറ്റുകളിൽ നാളെ മുതൽ ആരംഭിക്കും. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

********************

## <u>പത്തനംതിട്ടയിൽ ഡി. ജെ പാർട്ടി</u>

പത്തനംതിട്ടയിൽ ഡി. ജെ പാർട്ടിയിലെ പോലീസ് ഇടപെടലുമായി ബന്ധപ്പെട്ട് വീഡിയോ ദൃശ്യങ്ങൾ പുറത്തു വന്നതിൻറെ പശ്ചാത്തലത്തിൽ സംഭവത്തിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. ക്രമസമാധാന ചുമതലയുള്ള എഡിജിപിക്കാണ് നിർദ്ദേശം. ന്യൂഇയർ ആഘോഷത്തിനിടെ ഡി.ജെ കലാകാരൻറെ ലാപ്ടോപ്പ് പോലീസ് തകർത്തതായാണ് പരാതി.

RNU TVPM

********************

## <u>കുടുംബാധിഷ്ഠിത സംരക്ഷണം</u>

ബാലസുരക്ഷിത കേരളം നടപ്പാക്കാനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. രാജ്യത്ത് ഏറ്റവും കൂടുതൽ കുട്ടികൾക്ക് കുടുംബാധിഷ്ഠിത പരിചരണം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു. വർണ്ണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റ് ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. കുട്ടികൾ നല്ല

നിലയിൽ വളർന്നു വരിക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞു.

********************

## സ്കൂൾ കലോത്സവം -മന്ത്രി കെ. രാജൻ

തൃശൂരിൽ ഈ മാസം 14 മുതൽ 18 വരെ നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവം വരാനിരിക്കുന്ന സ്കൂൾ കലോത്സവങ്ങൾക്ക് മാതൃകയായി മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് റവന്യൂ മന്ത്രി കെ. രാജൻ. സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് തൃശൂർ പ്രസ്സ് ക്ലബ്ബിൽ നടന്ന മാധ്യമ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

********************

## ആർബിഐ

2026 മാർച്ച് മുതൽ 500 രൂപ നോട്ടുകൾ എ.ടി.എമ്മിൽ നിന്ന് പിൻവലിക്കുമെന്ന സമൂഹ മാധ്യമ പ്രചാരണങ്ങൾ തെറ്റാണെന്ന് കേന്ദ്ര സർക്കാർ. ഓൺലൈൻ ഷോപ്പിങ്ങ്, ഡിജിറ്റൽ പണമിടപാടുകൾ തുടങ്ങി വ്യക്തികളുടെ ഡിജിറ്റൽ പ്രവർത്തനങ്ങൾ ആദായ നികുതി വകുപ്പ് നിരീക്ഷിക്കുന്നു എന്ന തരത്തിലുള്ള പ്രചാരണം വ്യാജമാണെന്നും PIB ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇത്തരം തീരുമാനങ്ങൾ ഉണ്ടായിട്ടില്ലെന്നും, ജനങ്ങൾ വഞ്ചിതരാകരുതെന്നും കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചു .

RNU TVPM

********************

## ശബരിമല-ജയകുമാർ

ശബരിമല സന്നിധാനത്തെ തീർത്ഥാടകർക്ക് താമസിക്കാനുള്ള മുറികളുടെ ബുക്കിങ്ങ് പൂർണ്ണമായും ഓൺലൈൻ ആക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ. മുറികൾ കൂടിയ വാടകയ്ക്കു മറിച്ചു വിൽക്കുന്ന രീതി അനുവദിക്കില്ലെന്നും, ബുക്കിങ്ങിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

********************

<u>അമ്പലപ്പുഴ സംഘം (ഇൻട്രോ)</u>

എരുമേലി പേട്ടതുള്ളി ശബരിമല ദർശനത്തിനായി അമ്പലപ്പുഴ സംഘം ചൊവ്വാഴ്ച യാത്ര തിരിക്കും. സമൂഹപെരിയോൻ എൻ ഗോപാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള സംഘം 10 ന് എരുമേലിയിൽ എത്തും.
ആകാശവാണി ആലപ്പുഴ ജില്ജാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.
(വോയ്സ്)

********************

<u>എം ബി രാജേഷ്</u>

സംസ്ഥാനത്തെ പഞ്ചായത്ത് പ്രസിഡന്റുമാരുമായി മന്ത്രി എം ബി രാജേഷ് നാളെ കൂടിക്കാഴ്ച നടത്തും. തൃശ്ശൂർ കില ആസ്ഥാനത്ത് രാവിലെയും വൈകിട്ടും രണ്ട് സെഷനുകളായാണ് പരിപാടി നടക്കുന്നത്. നേതൃപരമായ കഴിവുകൾ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പങ്കിനെ കുറിച്ചും യോഗത്തിൽ ചർച്ചകൾ നടക്കും.

********************

<u>തുഞ്ചൻ ഉത്സവം</u>

തുഞ്ചൻ ഉത്സവത്തിന് തിരൂർ തുഞ്ചൻപറമ്പിൽ തിരിതെളിഞ്ഞു. 5 ദിവസങ്ങളിലായി നടക്കുന്ന ഉത്സവം തമിഴ് സാഹിത്യകാരൻ എസ്. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തുഞ്ചൻ സ്മാരക പ്രഭാഷണം, കോളേജ് വിദ്യാർഥികൾക്കായി ദ്രുതകവിതാരചനാ മത്സരം എന്നിവയ്ക്ക് പുറമേ ആകാശവാണിയുടെ കവി സമ്മേളനവും ഇന്ന് നടന്നു. കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ് തുഞ്ചൻ കലോത്സവത്തിൻറെ ഉദ്ഘാടനം നിർവഹിക്കുന്നത്. പുസ്തകോത്സവവും തുഞ്ചൻ ഉത്സവത്തിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

********************

<u>മലപ്പുറം-അഗ്നി ബാധ</u>

മലപ്പുറം പൂക്കോട്ടൂർ മൈലാടിയിൽ ചെരുപ്പ് കമ്പനിയിൽ വൻ തീപ്പിടിത്തം. അഗ്നിരക്ഷാ സേനയും നാട്ടുകാരും ചേർന്ന് രണ്ടര

RNUTVPM

മണിക്കൂർ നേരത്തെ കഠിന പരിശ്രമത്തിനൊടുവിൽ തീ നിയന്ത്രണ വിധേയമാക്കി. ചെരിപ്പുകമ്പനിയുടെ ഗോഡൗണിൽ നിന്ന് തീ ആളിപ്പടരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നാട്ടുകാർ അഗ്നിരക്ഷാസേനയെ വിവരമറിയിക്കുകയായിരുന്നു. തീപ്പിടിത്തത്തിന്റെ കാരണം വ്യക്തമല്ല. ആളപായമില്ലെന്നാണ് വിവരം.

********************

## കെ.എസ്.ആർ.ടി.സി- ഡബിൾ ഡക്കർ (ഇൻട്രോ)

മൂന്നാറിൽ വിനോദസഞ്ചാരികൾക്കായി കെ.എസ്.ആർ.ടി.സിയുടെ രണ്ടാമത്തെ ഡബിൾ ഡക്കർ ബസ് സർവീസ് ആരംഭിച്ചു. പ്രകൃതിഭംഗി ആസ്വദിച്ച് യാത്ര ചെയ്യാനായി കെ.എസ്.ആർ.ടി.സി ഒരുക്കിയ റോയൽ വ്യൂ സർവീസുകൾക്ക് ലഭിക്കുന്ന വലിയ ജനപ്രീതി കണക്കിലെടുത്താണ് പുതിയ ബസ് അനുവദിച്ചത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....
(ഹോൾഡ്)

********************

## പുസ്തകോത്സവം - തെയ്യം

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിനോടനുബന്ധിച്ച് ഈ മാസം 8 മുതൽ 12 വരെയുള്ള തീയതികളിൽ വടക്കൻ കേരളത്തിന്റെ തനതുകലാരൂപമായ തെയ്യം നിയമസഭാങ്കണത്തിൽ അവതരിപ്പിക്കും. പത്മശ്രീ ഇ.പി. നാരായണന്റെ നേതൃത്വത്തിൽ മാഹി, തെയ്യം പൈതൃക സമിതിയാണ് തെയ്യങ്ങൾ അവതരിപ്പിക്കുക. ഉദ്ഘാടനം ഈ മാസം 8ന് മന്ത്രി സജി ചെറിയാൻ നിർവ്വഹിക്കും. പൂക്കുട്ടിച്ചാത്തൻ തിറ, മുത്തപ്പൻ വെള്ളാട്ടം, പടവീരൻ തെയ്യം, കളരിപ്പയറ്റ് തുടങ്ങിയവ ഇതിൻറെ ഭാഗമായി അരങ്ങേറും.ഈ മാസം 7 മുതൽ 13 വരെയാണ് നിയമസഭ പുസ്തകോത്സവം.

********************

## അണ്ടർ 15 വനിതാ ക്രിക്കറ്റ്

അണ്ടർ 15 വനിതാ ഏകദിന ടൂർണ്ണമെൻറിൽ കേരളത്തിന് വിജയത്തുടക്കം. കരുത്തരായ മുംബൈയെ കേരളം എട്ട് വിക്കറ്റിനാണ് പരാജയപ്പെടുത്തിയത്. 35 ഓവർ വീതമുള്ള മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത മുംബൈയ്ക്ക് 119

RNU TVPM

റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 27.4 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.

********************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ സർവകാല റെക്കോഡിൽ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 573 പോയിന്റ് ഉയർന്ന് 85,762 ലും, നിഫ്റ്റി 182 പോയിന്റ് ഉയർന്ന് 26,329ലുമാണ് ഇന്നത്തെ വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ വിലയിൽ വർദ്ധന. പവന് 840 രൂപ കൂടി 99,880 രൂപയും ഗ്രാമിന് 105 രൂപ വർധിച്ച് 12,485 രൂപയുമാണ് ഇന്നത്തെ വില.

********************

## ഭൂപാലി - സംഗീത പരിപാടി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന ഹിന്ദുസ്ഥാനി സംഗീത പരിപാടി നാളെ തിരുവനന്തപുരത്ത് നടക്കും. വഴുതക്കാട് ടാഗോർ തിയേറ്ററിൽ വൈകിട്ട് 6.30നാണ് പരിപാടി. കേരളത്തിലെ ആദ്യ വനിതാ പ്രൊഫഷണൽ സിത്താർ വാദകയായ ശ്രീജ രാജേന്ദ്രനും ഗസൽ അവതരണവുമായി ദിപൻവിത ചക്രവർത്തിയും വേദിയിലെത്തും. പ്രവേശനം സൗജന്യമാണ്.

RNUTVPM

********************

**************

********